ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 3,97,35,653 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,10,80,000 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) 12,84,000 രൂപ കൊടുത്തുതീർക്കുവാനുണ്ട്.

(സി) തൃശ്ശൂർ ജില്ലയിൽ 3,00,000 രൂപ കൊടുത്തുതീർക്കുവാനുണ്ട്.

(ഡി) & (ഇ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പി. എസ്. വാസുവിന് 30-7-2003-ലെ സ. ഉ. (സാധാ.) 618/03/പജപവവിവ പ്രകാരം 25,000 രൂപ ചികിത്സാ ധനസഹായമായി ആശുപത്രിയിലേക്ക് നൽകുന്നതിന് അനുവദിക്കുകയുണ്ടായി. എന്നാൽ ശ്രീ. വാസുവിന്റെ ശസ്ത്രക്രിയ കഴിഞ്ഞതിനാൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി അപേക്ഷകന് നേരിട്ട് തുക നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസനത്തിനായുള്ള പദ്ധതികൾ

178 [1705] ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വിദ്യാഭ്യാസ-ആരോഗ്യ-സാമ്പത്തിക-സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പേരാമ്പ്രയിലെ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ഐ.റ്റി.ഐ.—യുടെ പ്രവർത്തനം

179 [1706] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സർക്കാർ ഐ.ടി.ഐ. ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രവർത്തനം നിലച്ചുപോകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനം പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുമോ ?

ഉത്തരം

(എ) 18-9-1989-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 38/89/പജാ.പവ.വിവ. പ്രകാരമാണ് പേരാമ്പ്രയിൽ ഐ.ടി.സി. പ്രവർത്തനമാരംഭിച്ചത്.

(ബി) ഇല്ല.

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.-കളുടെ പുനഃസംഘടനയെത്തുടർന്ന് പേരാമ്പ്രയിലേതുൾപ്പെടെയുള്ള ഏതാനും പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കുകയും 41 പരിശീലന കേന്ദ്രങ്ങളാക്കി എൻ.സി.വി.റ്റി. കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു.

(ഡി) തൽക്കാലം പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ പട്ടികവിഭാഗ സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ

180 [1707] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ആദിവാസി കോളനിയായ കണ്ണവം കോളനിയിലെ പരിശീലന കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly